"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്-ജില്ലാ എമർജൻസി ഓപ്പറേഷൻ സെൻ്ററിൻ്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.485/2024/DMD തീയതി,തിരുവനന്തപുരം, 18-07-2024

---

പരാമർശം:- 1. മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 04/06/2024-ലെ MTO II/969/2024/SDMA-KSDMA നമ്പർ കത്ത്.

2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 27/06/2024-ൽ ചേർന്ന യോഗത്തിൻ്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

ജില്ലാ എമർജൻസി ഓപ്പറേഷൻ സെൻ്ററിൻ്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് ജില്ലകളിൽ തുക ആവശ്യമാണെന്നതിനാൽ 5 ലക്ഷം രൂപ വീതം എല്ലാ ജില്ലകൾക്കും സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെട്ടിരുന്നു.

27/06/2024-ൽ ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ എമർജൻസി ഓപ്പറേഷൻ സെൻ്ററിൻ്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-101-94-01 F other items എന്ന ശീർഷകത്തിൽ നിന്ന് (capacity building Window) 5 ലക്ഷം രൂപ വീതം എല്ലാ ജില്ലാകളക്ടർമാർക്കും അനുവദിച്ച് ഉത്തരവാകുന്നു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഇത് സംബന്ധിച്ച ചെലവുകൾ നിയന്ത്രിക്കേണ്ടതും, ചെലവുകൾ ഡി.ഡി.എം.എ.യുടെ അംഗീകാരത്തോടുകൂടെ മാത്രം നടത്തേണ്ടതുമാണ്. ഡിഡിഎംഎ അംഗീകരിച്ച വിനിയോഗ സർട്ടിഫിക്കറ്റ് സാമ്പത്തിക വർഷം അവസാനിച്ചയുടൻ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. മേൽ തുക ചുവടെ പരാമർശിച്ചിരിക്കുന്ന ആവശ്യങ്ങൾക്ക് മാത്രം വിനിയോഗിക്കേണ്ടതാണ്.

<u>1. ജില്ലാ എമർജൻസി ഓപ്പറേഷൻ സെൻ്ററിൻ്റെ (DEOCയുടെ മാത്രം)</u>

a. ടെലിഫോൺ ബില്ലുകൾ
b. മൊബൈൽ ഫോൺ ബില്ലുകൾ
c. പ്രിൻ്റർ കാട്രിഡ്ജ്
d. ഇൻ്റർനെറ്റ് ചാർജ്ജുകൾ
e. സ്റ്റേഷനറി വാങ്ങൽ

f. കമ്പ്യൂട്ടറുകളുടെയും ടിവിയുടെയും അറ്റകുറ്റപ്പണികൾ (എൻസിആർഎംപി II-ന് കീഴിലുള്ളവ ഒഴികെ)

g. ഫാനുകൾ, ലൈറ്റുകൾ, എയർ കണ്ടീഷണറുകൾ, യുപിഎസ് എന്നിവയുടെ അറ്റകുറ്റപ്പണി/പരിപാലനം (എൻസിആർഎംപി II-ന് കീഴിലുള്ളവ ഒഴികെ)

2) ഐ.ആർ.എസ് പരിശീലന ചെലവുകൾ

3) ദുരന്ത സാഹചര്യങ്ങളിൽ DEOCയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഭക്ഷണം, ചായ, ലഘു ഭക്ഷണം എന്നിവയുടെ ചെലവുകൾ

4) ദുരന്ത സാഹചര്യങ്ങളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഭക്ഷണം, ചായ, ലഘു ഭക്ഷണം എന്നിവയുടെ ചെലവുകൾ

5) DEOCയുടെ ഭൗതിക സാഹചര്യ പരിപാലനം

6) ദുരന്ത സാഹചര്യങ്ങളിൽ DEOCയിൽ നിയോഗിക്കുന്ന Civil Defense, Aapda Mitra വോളന്റിയർമാരുടെ ഭക്ഷണം, ചായ, ലഘു ഭക്ഷണം, യാത്ര എന്നിവയുടെ ചെലവ് (പരമാവധി ഒരു വോളന്റിയർക്ക് 250 രൂപ പ്രതിദിനം എന്ന കണക്കിൽ)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ, ദുരന്ത നിവാരണം.
എല്ലാ ജില്ലാകളക്ടർമാർക്കും.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 19-07-2024 12:37:53**

സെക്ഷൻ ഓഫീസർ